പതിമൂന്നാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 122

09.03.2015-ൽ മറുപടിക്ക്

## ഡോ. മീനാകുമാരി കമ്മീഷൻ റിപ്പോർട്ട്

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീമതി.കെ.എസ്.സലീഖ | | ശ്രീ. കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | പരമ്പരാഗത മത്സ്യതൊഴിലാളി മേഖലാ പഠനത്തിനായി 2013-ൽ നിയോഗിച്ച ഡോ.മീനാകുമാരി കമ്മീഷൻ റിപ്പോർട്ട് ശ്രദ്ധയിൽ പ്പെട്ടുവോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | എങ്കിൽ റിപ്പോർട്ടിലെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) | മീനാകുമാരി കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | സംസ്ഥാനത്തെ മത്സ്യബന്ധന വ്യവസായ മേഖലയേയും അതിനെ ആശ്രയിച്ച് കഴിയുന്ന തൊഴിലാളി കളേയും കുടുംബത്തെയും തകർക്കുന്ന പ്രസ്തുത റിപ്പോർട്ട് അംഗീകരിക്കാതി രിക്കുവാൻ എന്തു നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (സി) യും (ഡി) യും | പ്രസ്തുത റിപ്പോർട്ടിലെ ശുപാർശകൾ തള്ളിക്കളയണമെന്ന് കേന്ദ്രസർക്കാരി നോട് അഭ്യർത്ഥിച്ചിട്ടുണ്ട്. കൂടാതെ കേരളത്തിൽ നിന്നുള്ള എം.പി.മാരോട് ഈ വിഷയത്തിൽ ഇടപെട്ട് റിപ്പോർട്ട് നടപ്പിലാക്കാതിരിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുന്നതിന് അഭ്യർത്ഥിച്ചിട്ടുണ്ട്. |
| (ഡി) | കടലും കടപ്പുറവും വിദേശ ശക്തികൾക്ക് തീറെഴുതും തരത്തിലെ തീരദേശ നിയന്ത്രണ പദ്ധതി ഭേദഗതി നിർദേശമടങ്ങുന്ന പ്രസ്തുത റിപ്പോർട്ട് തള്ളിക്കളയുവാൻ കേന്ദ്ര സർക്കാറിനോട് ആവശ്യപ്പെട്ടുവോ; ഉണ്ടെങ്കിൽ എന്തൊക്കെ കാര്യങ്ങളാണ് ആവശ്യപ്പെട്ടതെന്ന് വ്യക്തമാക്കാമോ ? | | |

സെക്ഷൻ ഓഫീസർ

US-122
9/3/15

## ഇന്ത്യാ ഗവൺമെന്റ് ആഴക്കടൽ മത്സ്യബന്ധനം പുനരവലോകനം ചെയ്യുന്നതിനായി 2013 ആഗസ്റ്റ് മാസം 1-ാം തീയതി ഡോക്ടർ ബി. മീനാകുമാരി ചെയർമാനായി നിയമിച്ച വിദഗ്ദ്ധ കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിലെ പ്രധാനപ്പെട്ട ശുപാർശകൾ

1) ഇന്ത്യൻ എക്സ്ക്ലൂസീവ് എക്കണോമിക് സോണിലെ (തീരരേഖയിൽ നിന്നും കടലിലെ 200 നോട്ടിക്കൽ മൈൽ വരെയുള്ള പ്രദേശം) മത്സ്യസമ്പത്തിന്റെ സുസ്ഥിരമായ ചൂഷണം ആയിരിക്കണം പ്രസ്തുത സോണിലെ ഏതൊരു ഉപയോഗപ്പെടുത്തൽ സംബന്ധിച്ച പ്ലാനിലെയും പ്രാഥമിക വ്യവസ്ഥ.

2) തീരദേശ സംസ്ഥാനങ്ങളുടെ ആവശ്യതകൾ പരിഗണി യ്ക്കേണ്ടതും, തിരദേശ സംസ്ഥാനങ്ങളുടെ ഉല്പാദന ലക്ഷ്യങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള സമഗ്ര പദ്ധതി വികസിപ്പിച്ചെടുക്കേണ്ടതുമാണ്. അതോടൊപ്പം തീരദേശ സംസ്ഥാനങ്ങൾ, ഇന്ത്യൻ എക്സ്ക്ലൂസീവ് എക്കണോമിക് സോണിലെ 12 നോട്ടിക്കൽ മൈൽ മുതൽ 200 നോട്ടിക്കൽ മൈൽ വരെ പ്രദേശം ഒരു പൊതുവായ സ്രോതസ്സാണെന്നും അതിനാൽ വലിയ തോതിലുള്ള ഉല്പാദന പദ്ധതികളും ഒറ്റപ്പെട്ട ഉല്പാദന രീതികളും ഈ പൊതു സ്വത്ത് നശിച്ചു പോകുന്നതിനിടയാക്കുമെന്ന് മനസ്സിലാക്കേണ്ടതാണ്. അതു കൊണ്ട് കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരുകളും പരിപാലന നയങ്ങളും ഈ വിഭവങ്ങളുടെ സുസ്ഥിരമായ ചൂഷണത്തിനാവശ്യമായ മുൻകരുതലുകളും അംഗീകരിക്കുന്ന തിന് ഒരുമിച്ച് പ്രവർത്തിക്കേണ്ടതാണ്.

3) 200 മീറ്റർ വരെ താഴ്ചയുള്ള ജലപ്രദേശത്തുള്ള ചൂഷണം സന്തുലിതമായ നിലയിലാണ്. ചില വിഭാഗം മത്സ്യ ഇനങ്ങളെ സംബന്ധിച്ച് അമിത ചൂഷണവും നടക്കുന്നുണ്ട്. ആയതി നാൽ ഈ മേഖലയിൽ കൂടുതൽ ആയി മത്സ്യബന്ധനം വികസിപ്പിക്കുന്നതിനുള്ള യാതൊരു സാധ്യതയും ഇല്ല. 200 മീറ്റർ മുതൽ 500 മീറ്റർ വരെ ആഴം ഉള്ള പ്രദേശത്ത് 15 മീറ്റർ മുതൽ 20 മീറ്റർ വരെ നീളമുള്ള ചെറിയ ഫിഷിംഗ് ബോട്ടുകൾ ലക്ഷ്യം വയ്ക്കുന്നതുകൊണ്ട് ആപ്രദേശത്തുള്ള ചൂഷണം ഇപ്പോൾ ആരംഭിച്ചിട്ടുണ്ട്. 200 മീറ്റർ മുതൽ 500 മീറ്റർ വരെ ആഴമുള്ള തീരമേഖലയിലും ആഴക്കടൽ മേഖലയിലും ഉള്ള വിഭവങ്ങളെ പിടിച്ചെടുക്കുന്നതിനായി 200 മീറ്റർ മുതൽ 500 മീറ്റർ വരെ ആഴമുള്ള പ്രദേശം ഒരു "ബഫർ സോൺ" ആയി നിലനിർത്തണമെന്ന് കമ്മിറ്റി ശുപാർശ ചെയ്തിട്ടുണ്ട്. തുടർന്ന് 'കണവ' തുടങ്ങിയ മത്സ്യവിഭവങ്ങളെ ലക്ഷ്യം വയ്ക്കുന്നതിനും ഭാവിയിൽ തീര മേഖലയിലെ മത്സ്യബന്ധന ത്തിലുള്ള സമ്മർദ്ദം കുറയ്ക്കുന്നതിനുമായി മത്സ്യബന്ധന രീതികൾ വൈവിദ്ധ്യവത്ക്കരിക്കുന്നതിന് 200-500 മീറ്റർ വരെ ആഴമുള്ള സോൺ ഉപയോഗപ്പെടുത്തേണ്ടതാണെന്നും കമ്മിറ്റി ശുപാർശ ചെയ്തിട്ടുണ്ട്.

4) 500 മീറ്ററിൽ കൂടുതൽ ആഴമുള്ള പ്രദേശത്തെ വിഭവങ്ങൾ പൂർണ്ണമായും ചൂഷണം ചെയ്തിട്ടില്ലാത്തതും ഈ പ്രദേശ ത്തുനിന്ന് ചൂരയും അതുപോലുള്ള മത്സ്യ ഇനങ്ങളും ചൂഷണം ചെയ്യുന്നതിനുള്ള നല്ല സാധ്യതയുള്ളതുമാണ്. ഈ പ്രദേശത്ത് വിഭവങ്ങൾക്ക് അനുയോജ്യമായ മത്സ്യബന്ധന യാനങ്ങൾ ഏർപ്പെടുത്തേണ്ടതാണ്. ചൂരയും ചൂര പോലുള്ള മത്സ്യ ഇനങ്ങളുടെയും മറ്റ് വ്യാവസായിക പ്രാധാന്യമുള്ള കണവ പോലുള്ള മത്സ്യ ഇനങ്ങളുടെയും സാധ്യത കണക്കിലെടുത്ത് ഇന്ത്യൻ എക്സ്ക്ലൂസീവ് എക്കണോമിക് സോണിൽ 1178 ആഴക്കടൽ മത്സ്യബന്ധന യാനങ്ങൾ അനുവദിക്കുന്ന കാര്യം പരിഗണിക്കേണ്ട താണെന്ന് കമ്മിറ്റി ശുപാർശ ചെയ്തിട്ടുണ്ട്. ഇതിൽ നിലവിലുള്ള ആഴക്കടൽ മത്സ്യബന്ധന യാനങ്ങളും അധികമായി 240 - **tuna long**

liners -ഉം 15 purse seiners -ഉം 15 squid giggers-ഉം ഉൾപ്പെടെ 270 യാനങ്ങൾ കൂടി ഉൾപ്പെടുന്നതാകുന്നു.

5) നിലവിൽ 500 മീറ്റർ ആഴത്തിൽ കവിഞ്ഞ പ്രദേശത്തുള്ള വിഭവങ്ങൾ ചൂഷണം ചെയ്യുന്നതിനാവശ്യമായ പരിചയവും സാമഗ്രികളും (expertise and resources) ഇന്ത്യയെ സംബന്ധിച്ചിടത്തോളം പര്യാപ്തമല്ല. ആയതിനാൽ പ്രാദേ ശികമായ കഴിവുകൾ പൂർണ്ണമായി വികസിക്കുന്നതുവരെ വിദേശ മത്സ്യബന്ധന യാനങ്ങൾ ഏറ്റെടുക്കുന്നതിലൂടെയും കൂട്ടു പങ്കാളിത്തം/പാട്ട വ്യവസ്ഥയിലൂടെയും സാങ്കേതിക വിദ്യ കൈമാറ്റം ചെയ്യാവുന്നതാണ്.

6) നടപ്പിലാക്കാൻ പോകുന്ന ടെക്നോളജികളിൽ squid jigging-നെ ഒരു വൈവിദ്ധ്യ പൂർണ്ണവും ആഴക്കടലിലെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് ഉതകുന്നതുമായ പദ്ധതി യായി കണക്കാക്കാവുന്നതാണ്. അതു സംബന്ധിച്ച് കണവ പോലുള്ള മത്സ്യ ഇനങ്ങൾ കൂടുതലായി ലഭിക്കുന്ന സ്ഥലങ്ങൾ കണ്ടെത്തുന്നതിനുള്ള സാങ്കേതികവിദ്യാ കൈമാറ്റം പരിഗണിയ്ക്കാവുന്നതാണ്.

7) 12 നോട്ടിക്കൽ മൈൽ കഴിഞ്ഞു വരുന്ന കടലിലെ പ്രദേശത്തുള്ള വിഭവങ്ങൾ ചൂഷണം ചെയ്യുക എന്ന ഉദ്ദേശം മുന്നിൽ കണ്ടുകൊണ്ട് എക്സ്ക്ലൂസീവ് എക്കണോമിക് സോണിൽ മത്സ്യബന്ധനം നിയന്ത്രിക്കുന്നതിനുള്ള ഒരു സമഗ്ര നിയമനിർമ്മാണം നടത്തേണ്ടത് വളരെ അത്യാവ ശ്യമാണ്.

8) ആഴക്കടൽ മത്സ്യബന്ധന യാനങ്ങളിൽ (DSFVS-ൽ) പരിശീലനം സിദ്ധിച്ച ആളുകൾ ഉണ്ടായിരിക്കേണ്ടത് ഒരു ഒരു ആവശ്യകതയാണ്. അങ്ങനെയുള്ള യാനങ്ങളിൽ ജോലി ചെയ്യുന്നതിനുള്ള പരിശീലനം ലഭിച്ച ആളുകൾ ഇല്ലാത്ത സാഹചര്യങ്ങളിൽ രാജ്യത്തിനകത്തുള്ളവർ അപ്രകാരം ആവശ്യമായ പരിശീലനം ആർജ്ജിക്കുന്നതു വരെ വിദേശത്ത് നിന്നും പരിശീലനം സിദ്ധിച്ച ആളുകളെ ആഴക്കടൽ മത്സ്യബന്ധന യാനങ്ങളിൽ നിയോഗിയ്ക്കാവു ന്നതാണ്. എന്നാൽ അങ്ങനെയുള്ള നിയോഗിക്കൽ ആഭ്യന്തര മന്ത്രാലയം കർശന വ്യവസ്ഥകൾ ചുമത്തിയിട്ടുള്ളതിനാൽ അസാധ്യമാണ്. അതു സംബന്ധിച്ച് കുറഞ്ഞ വാർഷിക ശമ്പളം അമേരിക്കൻ ഡോളർ 25000 എന്നതും നിശ്ചിത ശതമാനം വിദേശ ജോലിക്കാരെ നിയമിക്കുകയും ഘട്ടം ഘട്ടമായ മാറ്റിയെടു ക്കുന്നതിനുള്ള മാനദണ്ഡം, സെക്യൂരിറ്റി ക്ലിയറൻസ് തുടങ്ങിയ വ്യവസ്ഥകൾ മത്സ്യ ബന്ധന പ്രവർത്തനങ്ങൾ ആകർഷണീയവും ലാഭകരവുമാക്കുന്നതിലേക്കായി പുനഃ പരിശോധിക്കുകയും ഉദാരവത്ക്കരിക്കുകയും ചെയ്യേണ്ടത് ആവശ്യമാണ്.

9) മുകളിൽ പറഞ്ഞിരിക്കുന്ന വ്യവസ്ഥകൾക്കു പുറമെ വിദേശ തൊഴിലാളികളുടെ സെക്യൂരിറ്റി ക്ലിയറൻസിനായി കൂടുതൽ സമയം എടുക്കുന്നത് മത്സ്യബന്ധന സീസൺ. കാലഘട്ട ത്തിലെ മത്സ്യബന്ധനത്തിനായുള്ള ദിനങ്ങൾ നഷ്ടപ്പെടുന്ന തിനും ഈ മേഖലയ്ക്ക് നഷ്ടം സംഭവിക്കുന്നതിനും ഫിഷിംഗ് പ്രവർത്തനങ്ങൾ ക്രമീകരിക്കുന്നതിൽ കൃത്യതയില്ലാതാകുന്ന തിനും കാരണമാകുന്നു. ഈ കാര്യവും കേന്ദ്ര ആഭ്യന്തര മന്ത്രാലയം പുനഃപരിശോധിച്ച് സെക്യൂരിറ്റി ക്ലിയറൻസ് സമയബന്ധിതമായി അനുവദിക്കേണ്ടതാണ്.

10) ആഴക്കടലിൽ മത്സ്യബന്ധനം നടത്തുന്നതിന് ഇന്ത്യൻ തൊഴിലാളികളെ പ്രാപ്തരാക്കുക എന്നത് വളരെ പ്രധാനപ്പെട്ട ആവശ്യകതകളിൽ ഒന്നാണ്. അതുകൊണ്ട് ആഴക്കടലിൽ മത്സ്യബന്ധന യാനങ്ങളിൽ പ്രാദേശിക തൊഴിലാളികളോ ടൊപ്പം ജോലി ചെയ്യുന്നതിന് ഒന്നോ രണ്ടോ വിദേശ തൊഴിലാളികൾക്കു കൂടി അനുമതി നൽകിക്കൊണ്ട് ഇന്ത്യൻ

തൊഴിലാളികൾക്ക് എവിടെയെല്ലാമാണോ സാങ്കേതികത്വവും പരിശീലനവും ആവശ്യമായി വരുന്നത് അവിടെയൊക്കെ ആയത് നൽകാവുന്നതാണ്.

11) ആഴക്കടൽ മത്സ്യബന്ധന മേഖലയിലെ മാനവശേഷി വികസി പ്പിക്കുന്നതിലും ആഴക്കടൽ മത്സ്യബന്ധന യാനങ്ങളിൽ പരിശീലനം സിദ്ധിച്ച അംഗീകൃത തൊഴിലാളികളെ ലഭ്യമാക്കു ന്നതിലും കൊച്ചിയിലെ **CIFNET** വ്യത്യസ്ത വിഭാഗങ്ങളിൽ പ്പെടുന്ന ആളുകൾക്ക് അനുയോജ്യമായ ട്രെയിനിംഗ് കോഴ്സുകൾ ആവിഷ്ക്കരിച്ച് ട്രെയിനിംഗ് പ്രോഗ്രാമുകൾ നടത്തേണ്ടതാണ്. അങ്ങനെയുള്ള പ്രോഗ്രാമുകൾക്ക് മത്സ്യ ത്തൊഴിലാളി വിഭാഗങ്ങൾക്ക് പങ്കെടുക്കാൻ കഴിയുന്ന തര ത്തിൽ ആനുകൂല്യങ്ങൾ നൽകേണ്ടതാണ്.

12) **LOP (Letter of Permit) Vessels**-ന്റെ മത്സ്യബന്ധനം നടത്തുന്നതിനുള്ള പ്രദേശം ക്രമീകരിക്കുന്നതിനുള്ള നിലവി ലുള്ള മാർഗ്ഗ നിർദ്ദേശങ്ങളിൽ ചില പ്രദേശങ്ങൾ മത്സ്യ ബന്ധന നിരോധിത മേഖലയായി പ്രഖ്യാപിച്ചിട്ടുണ്ട്. 1980-ൽ ആണ് ഈ പ്രദേശങ്ങൾ തീരുമാനിക്കപ്പെട്ടത്. അതുകൊണ്ട് സർക്കാർ, മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിൽ ഈ നിരോധിത മേഖല യ്ക്കുള്ള സ്വാധീനം എത്രമാത്രമാണെന്ന് കണക്കാക്കേണ്ടതും പ്രസ്തുത പ്രദേശം നിരോധിത മേഖലയായി തുടർന്നു കൊണ്ടു പോകണമോ വേണ്ടയോ എന്ന് തീരുമാനിക്കേ ണ്ടതുമാണ്.

13) നിലവിലുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ ഏഴ് തരത്തിലുള്ള മത്സ്യബന്ധന രീതികൾ അനുവദിക്കുന്നുണ്ട്. ചൂര പിടിക്കു ന്നതിനുള്ള **long liners**, ചൂര പിടിക്കുന്നതിനുള്ള **purse-seiners, squid jigging, squid hand lines mid water pelagic trawling, trap fishing, hook and line fishing pole and line fishing** എന്നിവയാണ് അനുവദിക്കപ്പെട്ട മത്സ്യബന്ധന രീതികൾ. മത്സ്യബന്ധന ഘടനയും, നിലവിലുള്ള ചൂഷണത്തിന്റെ അളവും മറ്റും വ്യത്യാസപ്പെട്ടുകൊണ്ടിരിക്കുന്ന തിനാൽ സർക്കാർ അനുവദനീയമായ മത്സ്യബന്ധന രീതികളും, വിഭാഗത്തിനെ അടിസ്ഥാനമാക്കിയും യാനങ്ങളുടെ എണ്ണത്തെ അടിസ്ഥാനമാക്കിയും ഉള്ള മത്സ്യബന്ധനവും പുനഃപരിശോധിക്കേണ്ടതാണ്.

14) അതുപോലെ ട്യൂണ വിഭാഗത്തിൽപ്പെടുന്ന മത്സ്യങ്ങളുടെ പ്രജനന കാലഘട്ടം ഓരോ വർഷവും കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന ഏകീകൃത മത്സ്യബന്ധന നിരോധന കാലഘട്ട വുമായി കൂട്ടിമുട്ടാൻ പാടില്ലാത്തതാണ്. ആഴക്കടൽ മത്സ്യ ബന്ധന യാനങ്ങളുടെ നിരോധനം പുനഃപരിശോധി ക്കുന്നതിനും അങ്ങനെയുള്ള യാനങ്ങളെ പ്രസ്തുത നിരോധനത്തിൽ നിന്നും ഒഴിവാക്കുന്നതിനും ഈ വ്യവസായം അഭ്യർത്ഥിക്കുന്നു എന്ന് കമ്മിറ്റി കണ്ടെത്തി യിട്ടുണ്ട്.

15) ചൂര മത്സ്യബന്ധനം കൂടുതൽ ലാഭകരമാക്കുന്നതിന് തെരഞ്ഞെടുത്ത പ്രദേശങ്ങളിൽ കൃത്രിമ പാരുകൾ **(Fish Aggregating Devices-FADS)** സ്ഥാപിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിക്കേണ്ടതാണ്.

16) കോസ്റ്റ് ഗാർഡ്, എക്സ്പെർട്ട് കമ്മിറ്റിയ്ക്കു നൽകിയ സബ്മിഷനെ തുടർന്ന് ആഴക്കടൽ മത്സ്യബന്ധന യാനങ്ങളെ മികച്ച രീതിയിൽ നിരീക്ഷിക്കുന്നതിനായി മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുമ്പോൾ യാനങ്ങൾ ഏത് സ്ഥലത്ത് ആണെന്നത് റിപ്പോർട്ട് ചെയ്യുക, വോയേജ് റിപ്പോർട്ട് സമർപ്പിക്കുക, തൊഴിലാളികളെ സംബന്ധിച്ച വിശദാംശങ്ങൾ നൽകുക തുടങ്ങിയ റിപ്പോർട്ടിംഗ് മെക്കാനിസം കാര്യക്ഷമമാക്കുകയും വെസ്സൽ മോണിറ്ററിംഗ് സമ്പ്രദായം ഉൾപ്പെടെയുള്ള മോണിറ്ററിംഗ് കൺട്രോൾ ആന്റ് സർവ്വലൈൻസ് നടപ്പിലാക്കേ ണ്ടതുമാണ്. പിടിച്ച മത്സ്യത്തിന്റെ അളവ് കുറച്ചു കാണിച്ച്

റിപ്പോർട്ട് ചെയ്യുന്നതിനുള്ള അവസരങ്ങൾ ഇല്ലാതാക്കുന്നതിന് കടലിൽ വച്ചു തന്നെ പിടിച്ച മത്സ്യം വിപണനം ചെയ്യുന്നതും അതു സംബന്ധിച്ച റിപ്പോർട്ട് നൽകുന്നതും പുനരവലോകനം ചെയ്യേണ്ടതാണ്. യാനങ്ങൾ മത്സ്യബന്ധനത്തിൽ അല്ലാതിരി ക്കുമ്പോൾ ദിവസവും റിപ്പോർട്ട് ചെയ്തിരിക്കണമെന്ന ആവശ്യകത നിർബന്ധമാക്കരുതെന്നും ഈ വ്യവസായം അഭിപ്രായപ്പെടുന്നുണ്ട് എന്ന് കമ്മിറ്റി കണ്ടെത്തിയിട്ടുണ്ട്.

17) നിലവിൽ ആഴക്കടൽ മത്സ്യബന്ധന യാനങ്ങളുടെ പ്രവൃത്തി കൾ നിയന്ത്രിക്കുന്നതിൽ വിവിധ ഏജൻസികൾ ഇടപെടു ന്നുണ്ട്. ഇതിൽ **DAHB & F, FSI** (ഫിഷറീസ് സർവ്വെ ഓഫ് ഇന്ത്യ) **DG shipping MMD,** (മർക്കന്റയിൻ മറൈൻ ഡിപ്പാർട്ട്മെന്റ്), **MPEDA** തുടങ്ങിയ ഏജൻസികൾ ഉൾപ്പെടുന്നുണ്ട്. സംരംഭകർക്ക് വിവിധ ഏജൻസികളുടെ നടപടി ക്രമങ്ങൾ പാലിക്കുന്നതിന് ബുദ്ധിമുട്ടുകൾ നേരിടു ന്നുണ്ട്. നടപടി ക്രമങ്ങൾ ലഘൂകരിക്കേണ്ടത് ആവശ്യമാണ്. ആവശ്യമുണ്ടെങ്കിൽ നടപടി ക്രമങ്ങൾ തീർപ്പാക്കുന്നതിന് ഒരു ഏകജാലക സംവിധാനം നടപ്പിലാക്കാവുന്നതാണ്.

18) ഇന്ത്യയുടെ **EEZ** -ലെ ചൂരയുടെയും ചൂര പോലുള്ള വിഭവങ്ങളുടെയും മതിപ്പു വില ഏകദേശം 3000 കോടി രൂപ **(US $ 500 million)** ആണ്. ഇന്ത്യൻ യാനങ്ങൾക്ക് ആയത് പിടിച്ചെടുക്കാൻ കഴിഞ്ഞില്ലായെങ്കിൽ മാലദ്വീപ്, ശ്രീലങ്ക, തായ്‌ലന്റ്, ഇന്തോനേഷ്യ തുടങ്ങിയ അയൽ രാജ്യങ്ങൾ അത് പിടിച്ചെടുക്കും. മറ്റൊരു തരത്തിൽ അത് ഇന്ത്യൻ മത്സ്യ ബന്ധന മേഖലയ്ക്ക് സാമ്പത്തിക നഷ്ടം ഉണ്ടാക്കുന്ന തായിരിക്കും.

19) **EEZ**-ലെ വിഭവങ്ങളുടെ ലഭ്യതയുടെ അടിസ്ഥാനത്തിൽ മാത്രമല്ല, അടിസ്ഥാന സൗകര്യങ്ങളുടെയും നടപ്പിലാക്കാൻ കഴിയുന്ന തരത്തിലുള്ള സമഗ്രമായ ചട്ടങ്ങളുടെയും റഗുലേഷനുകളുടെയും അടിസ്ഥാനത്തിലും വാണിജ്യ പ്രാധാന്യമുള്ള മത്സ്യബന്ധനത്തിനെ സംബന്ധിച്ച് ലഭ്യമായ ശാസ്ത്രീയവും സാങ്കേതികവുമായ വിവരങ്ങളുടെ അടി സ്ഥാനത്തിലും ഈ മത്സ്യസമ്പത്തിനെ ഉന്നം വയ്ക്കുന്ന തിനുള്ള നല്ല മത്സ്യബന്ധന രീതികളുടെ അടിസ്ഥാനത്തിലും എക്സ്ക്ലൂസീവ് എക്കണോമിക് സോണിലെ വിഭവങ്ങൾ ചൂഷണം ചെയ്യുന്നത് പുനഃപരിശോധിക്കേണ്ടതാണ്.

മനുഷ്യ ശേഷിയുടെയും **(Man Power)** മാനവ വിഭവ ശേഷിയുടെയും **(Human Resource)** വികസനത്തെ അടിസ്ഥാനമാക്കി ഫിഷറീസ് സ്ഥാപനങ്ങൾ **(Institutions)** പ്രത്യേകിച്ച് കൃഷി മന്ത്രാലയത്തിന്റെ കീഴിലുള്ള **DAHDF**-ന്റെ നിലവാരത്തിൽ വരുന്ന സ്ഥാപനങ്ങളെ ശക്തിപ്പെടുത്തണ മെന്നും ഈ കമ്മിറ്റി ശുപാർശ ചെയ്തു.

സെക്ഷൻ ഓഫീസർ